ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടറുടെ കാര്യാലയം, കുടപ്പനക്കുന്ന് 695043
ഫോൺ:: +91 471 2731200, 2730045 (24 Hrs)
Fax : 91 471 2731166, 2730120
ഇമെയിൽ : ddmatvpm.rev@kerala.gov.in

**DDMA/01/2020/COVID/Circular** **Date: 27/07/2020**

## പരിപത്രം

**പരാമർശം:** കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധികരിച്ച കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗരേഖ, രണ്ടാം പതിപ്പ്

**COVID19 മഹാമാരിയുടെ പശ്ചാത്തലത്തിൽ മഴക്കാല ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ**

1. ക്യാമ്പുകളുടെ പൊതു നടത്തിപ്പ് ചുമതല അതാത് സ്ഥലത്തെ വില്ലേജ് ഓഫീസർമാർക്ക് ആയിരിക്കും. ക്യാമ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വില്ലേജ് ഓഫീസറിനോടൊപ്പം ഒരു ചാർജ് ഓഫീസർ ആയി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിനെ കൂടി തദ്ദേശസ്വയംഭരണ സ്ഥാപനം നിയോഗിക്കേണ്ടതാണ്.

2. ജില്ലയിൽ ഓറഞ്ച് അഥവാ റെഡ് അലെർട് പ്രഖ്യാപിച്ചാൽ, വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ താമസക്കാർ (പ്രത്യേകിച്ച് കുട്ടികൾ, ഗർഭിണികൾ, മുതിർന്നവർ, ദീർഘകാല രോഗബാധിതർ) കോവിഡിന്റെ സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിലെ തിരക്ക് ഒഴിവാക്കാനായി ബന്ധുക്കളുടെയോ, സുഹൃത്തുക്കളുടെയോ വീടുകളിലേക്ക് മാറി താമസിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

3. തദ്ദേശസ്ഥാപനത്തിൽ ചുരുങ്ങിയത് നാല് എന്ന കണക്കിൽ അടിയന്തിര ഘട്ടങ്ങളിൽദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുവാൻ ആവശ്യമായ കെട്ടിടങ്ങൾ തദ്ദേശ സ്ഥാപനം കണ്ടെത്തുകയും ഇവയുടെ പട്ടിക വില്ലേജ് ഓഫീസർമാർ മുഖാന്തിരം ജില്ലാ അടിയന്തിര ഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ സമർപ്പിക്കുക

Category A: പൊതുവായ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തുവാനായി.

Category B: 60 വയസിന് മുകളിൽ ഉള്ളവർ, കോവിഡ് ഇതര രോഗം ഉള്ളവർ, ദുരിതാശ്വാസ ക്യാമ്പിൽ എത്തിയാൽ അവരെ പ്രത്യേകം താമസിപ്പിക്കുവാനായി.

Category C. കോവിഡ് രോഗലക്ഷണങ്ങൾ ഉള്ളവരെ മാറ്റി താമസിപ്പിക്കുവാനായി മുറിയോട് ചേർന്ന ശുചിമുറി ഉള്ള കെട്ടിടങ്ങൾ.

Category D: ഹോം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കുവാൻ മുറിയോട് ചേർന്ന ശുചിമുറികൾ ഉള്ള കെട്ടിടങ്ങൾ. ഹോം ക്വാറന്റൈനെ സമയം കഴിയുന്ന മുറക്ക്, ആരോഗ്യ വകുപ്പിന്റെ അനുമതിയോടെ പൊതു ക്യാമ്പുകളിൽ താമസിപ്പിക്കാവുന്നതാണ്

ഇവയിൽ category A , B ഒരേ ക്യാംപസിൽ ആകുന്നതാണ് ഉചിതം. എന്നാൽ category C, D മറ്റൊരു ക്യാംപസിൽ ആകുന്നതാണ് ഉചിതം. ടി സൗകര്യങ്ങൾ ലഭ്യം അല്ലാത്ത പക്ഷം തദ്ദേശസ്വയം ഭരണ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന Institutional Quarrantine Centers-നെ ഉപയോഗപ്പെടുത്താവുന്നതാണ്.

4. കുടുംബവുമായി ക്യാമ്പിൽ എത്തുന്നവർക്ക് ഒന്നിച്ച താമസിക്കാനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക. സർക്കാർ സ്കൂളുകളുടെ ഒരു ക്ലാസ്സ്മുറി 20 *20 അടി എന്ന് കണക്കാക്കിയാൽ പരമാവധി 8 മുതൽ 12 വ്യക്തികൾ അഥവാ പരമാവധി 2 കുടുംബം മാത്രം താമസിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
5. ഓരോത്തർക്കും ആവശ്യമായ കിടക്കകൾ, ബെഡ് ഷീറ്റ്, സോപ്പ്, ടവൽ എന്നിവയുടെ ലഭ്യത ഉറപ്പ വരുത്തണം.
6. എല്ലാവരും തുണികൊണ്ട് നിർമിച്ച പുനരുപയോഗിക്കാവുന്ന മാസ്കുകളും നിർബന്ധമായും ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം .
7. ക്യാമ്പിൽ കൈകൾ സോപ്പ്പയോഗിച്ച് കഴുകുവാനും, വസ്ത്രങ്ങളും ബെഡ്ഷീറ്റുകളും അണുവിമുക്തമാകുന്നതിനുള്ള സൗകര്യം ലഭ്യമാകണം.

8. കുറച്ച് അംഗങ്ങൾ മാത്രമുള്ള ക്യാമ്പുകളിൽ കഴിവതും ഭക്ഷണം ഒരു പൊതു കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും പാക്കറ്റുകളിൽ ലഭ്യമാകുന്നതാണ് ഉചിതം. ഇങ്ങനെ ചെയ്യുന്നതിലൂടെ ആളുകളുമായി ഇടപെഴകാൻ ഉള്ള സാധ്യത കുറയുന്നു. വലിയ ക്യാമ്പുകൾ സജ്ജമാകേണ്ടി വരുന്ന സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്ത വിതരണം ചെയ്യുമ്പോൾ ചെയ്യുമ്പോൾ ശാരീരിക അകലവും ശുചിതവും ഉറപ്പാകേണ്ടതാണ്.

9. ക്യാമ്പുകൾ നടത്താൻ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ അതാത് വില്ലേജ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്

10. ക്യാമ്പുകളായി കണ്ടെത്തുന്ന കെട്ടിടങ്ങളിൽ വൈദ്യുതി/ജലലഭ്യത ഉണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. കെട്ടിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, ശുചിമുറി എന്നിവ തദ്ദേശ സർക്കാർ, കേരളം വാട്ടർ അതോറിറ്റി, KSEBL എന്നിവയുടെ സഹകരണത്തോടെ ഉറപ്പാക്കണം.
11. ക്യാമ്പുകളിൽ പൊതുവായോ കൈമാറ്റം ചെയ്തോ ദിനപത്രം, പുസ്തകം, മാസിക എന്നിവ ഉപയോഗിക്കുന്നത് കോവിഡ്-19 പകരുന്നതിന് സാധ്യത വർധിപ്പിച്ചേക്കാം. ആയതിനാൽ അവ ഒഴിവാക്കുന്നതാണ് ഉചിതം.

ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഓഫീസിൽ നിന്നും താലൂക്കുകളിൽ നിന്നും ദുരിതാശ്വാസ ക്യാമ്പുകളായി സജ്ജമാക്കാൻ ഉതകുന്ന കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചപ്പോൾ മനസിലാക്കാൻ സാധിച്ചത് എന്തെന്നാൽ ഭൂരിഭാഗം കെട്ടിടങ്ങളും

category A (പൊതുവായ ക്യാമ്പുകൾ നടത്താനുള്ള കെട്ടിടം) യിൽ പെടുന്നവയാണ്. മറ്റു category യിൽ ഉള്ള കെട്ടിടങ്ങളുടെ എണ്ണം വളരെ വിരളം ആണ്. ആയതിനാൽ,

Category B (60 വയസിന് മുകളിൽ ഉള്ളവർ, കോവിഡ് ഇതര രോഗം ഉള്ളവർ, ദുരിതാശ്വാസ ക്യാമ്പിൽ എത്തിയാൽ അവരെ പ്രത്യേകം താമസിപ്പിക്കുവാനായി), category C (കോവിഡ് രോഗലക്ഷണങ്ങൾ ഉള്ളവരെ മാറ്റി താമസിപ്പിക്കുവാനായി മുറിയോട് ചേർന്ന ശുചിമുറി ഉള്ള കെട്ടിടങ്ങൾ)

Category D (ഹോം ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ താമസിപ്പിക്കുവാൻ മുറിയോട് ചേർന്ന ശുചിമുറികൾ ഉള്ള കെട്ടിടങ്ങൾ) യിൽ ഉൾപ്പെടുത്താവുന്ന കെട്ടിടങ്ങൾ അധികമായി കണ്ടെത്തേണ്ടതാണ്.

ദുരിതാശ്വാസ ക്യാമ്പുകളായി ഉപയോഗിക്കാൻ കഴിയുന്ന കെട്ടിടങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

**ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)**

പകർപ്പ് 1. ഇൻസിഡന്റ് കമ്മാൻഡർമാർ & തഹസിൽദാർമാർ

2.സെക്രട്ടറി, തിരുവനന്തപുരം നഗരസഭാ

3. സെക്രട്ടറി,

നെടുമങ്ങാട്/ ആറ്റിങ്ങൽ / നെയ്യാറ്റിൻകര/ വർക്കല മുനിസിപ്പാലിറ്റി

4. ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)